I ഇ.ബി. XIII-കേരള നിയമസഭ/XIV-4

## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂലൈ 01, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**തിരുത്തിയ ഉത്തരം**

### നക്ഷത്ര ചിഹ്നമിടാത്ത 1258-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 1258-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് മേശപ്പുറത്തുവച്ചു.

**സത്യപ്രതിജ്ഞ**

അരുവിക്കര നിയോജകമണ്ഡലത്തിൽനിന്നും വിജയിച്ച ശ്രീ. ശബരീനാഥൻ കെ.എസ്. ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്ത് അംഗങ്ങളുടെ രജിസ്റ്ററിൽ ഒപ്പുവച്ച് സ്വസ്ഥാനത്ത് ഉപവിഷ്ടനായി.

**അടിയന്തര പ്രമേയം**

**മാധ്യമ പ്രവർത്തകർക്കുനേരെ നടന്ന അക്രമം**

മി. സ്പീക്കർ: ഇന്നലെ തിരുവനന്തപുരത്തും കോഴിക്കോട്ടും മാധ്യമ പ്രവർത്തകർക്കുനേരെയും പത്തനാപുരത്ത് ശ്രീ. കെ.ബി. ഗണേഷ് കുമാർ എം.എൽ.എ. യുടെ വീടിനു നേരെയും പോലീസ് നോക്കി നിൽക്കേ നടത്തിയ അക്രമങ്ങളെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ശ്രീരാമകൃഷ്ണൻ, വി.എസ്. സുനിൽ കുമാർ, സി.കെ. നാണു, എ.കെ. ശശീന്ദ്രൻ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 30-06-2015-ന് ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നടന്ന തിരുവനന്തപുരം സംഗീത കോളേജിനു മുമ്പിൽ വച്ച് റിപ്പോർട്ടർ ചാനൽ എഡിറ്റർ -ഇൻ -ചീഫ് എം.വി.

നികേഷ് കുമാറിനെയും മറ്റും യു.ഡി.എഫ്. പ്രവർത്തകർ കൂകിവിളിച്ചതിനെത്തുടർന്ന് നികേഷിനെ പോലീസ് വലയത്തിലാക്കി ആവശ്യമായ സുരക്ഷ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പരാതി ലഭിക്കുകയോ ആർക്കെങ്കിലും പരിക്കുപറ്റിയതായോ അറിവില്ല. അന്നേദിവസം പത്തനാപുരം മഞ്ചള്ളൂർ റോഡിലുള്ള ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.-യുടെ ഓഫീസിനു മുന്നിലൂടെ യു.ഡി.എഫ്. പ്രവർത്തകർ ജാഥയായി പോകുന്ന സമയം ഓഫീസിലുണ്ടായിരുന്നവരും ജാഥയിൽ പങ്കെടുത്തവരും തമ്മിലുണ്ടായ കല്ലേറിൽ കെ.എസ്.യു. മണ്ഡലം സെക്രട്ടറി ബിജോയി കേരള കോൺഗ്രസ് (ബി) പ്രവർത്തകനായ ശ്യാം എന്നിവർക്ക് പരിക്കേൽക്കുകയും ഓഫീസിനു മുന്നിൽ നിർത്തിയിട്ടിരുന്ന കാറിനും ഓഫീസിലെ ടൈൽസിനും കേടുപാടുണ്ടാകുകയും ചെയ്തു. സംഭവത്തിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. പ്രവർത്തകർ ഓഫീസിനു മുന്നിലെ റോഡ് ഉപരോധിച്ചു. മേൽ സംഭവങ്ങൾ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുകയും പ്രതികളെ അറസ്റ്റ് ചെയ്യാനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തിവരികയുമാണ്. കോഴിക്കോട് കസ്ബാ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപെട്ട മാവൂർ രാജാജി റോഡ് ജംങ്ഷനു സമീപമുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന ശ്രീ. നികേഷ് കുമാറിന്റെ ഓഫീസിനോട് ചേർന്ന് പടക്കം പൊട്ടിച്ചതിനും കസ്ബ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരികയാണ്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> ഇന്നത്തെ പല പത്രങ്ങളിലും ശ്രീ. നികേഷ് കുമാറിനെ ആക്രമിക്കുന്നതിന്റെ ചിത്രം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡി.സി.സി. സെക്രട്ടറി ശ്രീ. ലത്തീഫിന്റെ നേതൃത്വത്തിലാണ് അദ്ദേഹത്തെയും കൂട്ടരെയും വളഞ്ഞുവച്ച് ആക്രമിച്ചത്. ഗവൺമെന്റിന്റെ രാഷ്ട്രീയ അഴിമതികൾ ഓരോന്നായി പുറത്തു കൊണ്ടുവരുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്ന ഒരു മാധ്യമ ചാനലാണ് റിപ്പോർട്ടർ ചാനൽ. നികേഷിന്റെ ഒളി ക്യാമറയിലൂടെ പുറത്തുവരുന്ന വിവരങ്ങൾ ഗവൺമെന്റിനെ അസ്വസ്ഥമാക്കുന്നതിന്റെ പ്രതിഫലനമാണ് ഈ സംഭവം. ഈ പ്രശ്നങ്ങളോടൊന്നും മുഖ്യമന്ത്രി പ്രതികരിക്കുന്നില്ല. വ്യക്തിപരമായി ഒരു മാധ്യമപ്രവർത്തകനെ ആക്രമിക്കുകയാണുണ്ടായത്. അടിയന്തരാവസ്ഥയ്ക്ക് സമാനമായ അവസ്ഥ കേരളത്തിൽ കൊണ്ടുവരുന്നതിനുള്ള പരിശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്. എം.വി. നികേഷിനെതിരെയുള്ള ആക്രമണം കേരളത്തിലെ മാധ്യമരംഗത്തെ വികാസത്തിനെതിരെയുള്ള ആക്രമണമെന്ന നിലയിലാണ് കാണേണ്ടത്. ഭരണകക്ഷി എം.എൽ.എ ആയിരിക്കുമ്പോൾ ഭരണപക്ഷത്തിനെതിരെ അഴിമതിയാരോപണങ്ങൾ കൊണ്ടുവന്നതുകൊണ്ടാണ് ശ്രീ. കെ.ബി. ഗണേഷ് കുമാറിന്റെ വീടിനുനേരെ ഇന്നലെ അക്രമണം നടത്തിയത്. സത്യസന്ധമായ രീതിയിൽ വാർത്തകൾ പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങളോടും മാധ്യമപ്രവർത്തകരോടും കാണിക്കുന്ന തെറ്റായ സമീപനം സംബന്ധിച്ച്

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): അടിയന്തിരപ്രമേയ നോട്ടീസിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളല്ല ഇവിടെ അംഗം ഉന്നയിച്ചിരിക്കുന്നത്. വോട്ടെണ്ണൽ കേന്ദ്രത്തിൽ നിന്നും പത്രപ്രവർത്തകനായ എം. വി. നികേഷ് പുറത്തുവന്ന സമയത്ത് ആളുകൾ കൂകി വിളിക്കുന്നതുകണ്ട പോലീസുകാർ അദ്ദേഹത്തിന്റെ അടുത്തുചെല്ലുകയും അദ്ദേഹത്തെ എസ്കോർട്ട് ചെയ്തുകൊണ്ടുപോകുന്ന പടമാണ് പത്രങ്ങളിലും റിപ്പോർട്ടർ ചാനലിലും വന്നിട്ടുള്ളത്. അടിയന്തരപ്രമേയ നോട്ടീസിൽ പറഞ്ഞിട്ടുള്ളതുപോലെ മാധ്യമ പ്രവർത്തകർക്കുനേരെയുള്ള ആക്രമണത്തെക്കുറിച്ച് മാധ്യമങ്ങളിലൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. പത്രപ്രവർത്തകർക്കുനേരെ അക്രമം നടത്തുന്നവർക്കെതിരെ കർശന നടപടിയെടുക്കുകയും അവർക്ക് സ്വതന്ത്രവും നിഷ്പക്ഷവുമായി പ്രവർത്തിക്കുന്നതിന് അവസരമൊരുക്കുകയും മാധ്യമപ്രവർത്തകരോട് ആദരവ് കാണിക്കുകയും ചെയ്യുന്ന സർക്കാരാണിത്. മാധ്യമ പ്രവർത്തകരെയും മാധ്യമ പ്രവർത്തന സ്വാതന്ത്ര്യത്തെയും ഹനിക്കാൻ സർക്കാർ ആഗ്രഹിക്കുന്നില്ല. ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.-യുടെ പത്തനാപുരത്തെ വീടിനുനേരെ കല്ലേറ് നടത്തിയ പ്രതികളെ കണ്ടെത്താനുള്ള ശ്രമം പോലീസ് നടത്തുന്നുണ്ട്. ഈ കാര്യത്തിൽ നിയമപരമായി മാത്രമേ സർക്കാർ മുന്നോട്ടുപോകുകയുള്ളൂ. അരുവിക്കര

നിയോജകമണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പിന്റെ ജനവിധി അംഗീകരിക്കാനും പരാജയങ്ങളിൽനിന്ന് പാഠം ഉൾക്കൊള്ളാനും പ്രതിപക്ഷം തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

**(1) <u>അനാചാരങ്ങളെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത</u>**

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: മതാചാരങ്ങളുടെ പേരിൽ ക്രൂരവും പ്രാകൃതവുമായ ആചാരാനുഷ്ഠാനങ്ങൾ തടയുന്നതിനായി ശക്തമായ നിയമനിർമ്മാണം ആവശ്യമാണ്. സുബ്രഹ്മണ്യ ക്ഷേത്രങ്ങളിൽ കാവടിയാട്ടത്തിന്റെ ഭാഗമായി കൊച്ചുകുട്ടികളുടെ കവിളിലും നാക്കിലും മറ്റും ശൂലം തറയ്ക്കുന്ന ആചാരത്തെപ്പറ്റി സ്കന്ദപുരാണത്തിൽപോലും പരാമർശിക്കുന്നില്ല. സതിയും

മൃഗബലിയുമൊക്കെ നിയമംമൂലം നിരോധിച്ച ഇന്ത്യയിൽ ആചാരങ്ങളുടെ പേരിൽ നടത്തുന്ന ഇത്തരം പ്രാകൃതമായ കാര്യങ്ങളെയും നിരോധിക്കണം. മനുഷ്യശരീരം ഇരുമ്പുകൊളുത്തിൽ തൂക്കിയിട്ട് നടത്തുന്ന തൂക്കം എന്ന ആചാരത്തിനെതിരെ സാമൂഹ്യസംഘടനകൾ ശക്തമായ നിലപാടെടുത്തതിന്റെ അടിസ്ഥാനത്തിൽ ശരീരത്തിൽ കൊളുത്തിടാൻ പാടില്ലെന്ന് മനുഷ്യാവകാശ കമ്മീഷൻ തീരുമാനമെടുത്തിട്ടുണ്ട്. ഭരണഘടന അനുസരിച്ച് 18 വയസ്സിൽ താഴെയുള്ള കുട്ടികളെ ഇത്തരം ക്രൂരകൃത്യങ്ങൾക്ക് പ്രേരിപ്പിക്കുന്നവർക്കെതിരെയും അന്ധവിശ്വാസങ്ങളുടെ പേരിൽ ചികിത്സ നിഷേധിക്കുന്നവർക്കെതിരെയും സോഷ്യൽ ജസ്റ്റീസ് ആക്ട് പ്രകാരം നടപടിയെടുക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): വിവിധ മതവിഭാഗങ്ങളിൽ പ്രാചീന കാലംമുതൽ പലതരത്തിലുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളുമുണ്ട്. ഇത്തരത്തിലുള്ള ആചാരങ്ങളെ നിയമവിധേയമാക്കുക എന്നത് സങ്കീർണ്ണമായ പ്രക്രിയയാണ്. ഇതിനായി സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ചർച്ചകളുടെയും ആശയ വിനിമയങ്ങളുടെയും അടിസ്ഥാനത്തിൽ അഭിപ്രായ സമന്വയത്തിലെത്തിച്ചേരേണ്ടതുണ്ട്. കുട്ടികളെയോ മുതിർന്ന ആളുകളെയോ അവരുടെ പൂർണ്ണ സമ്മതമില്ലാതെ ഏതെങ്കിലും ഒരു ആചാരത്തിന്റെ പേരിൽ ഇത്തരം അനുഷ്ഠാനങ്ങൾക്ക് വിധേയരാക്കിയാൽ അതിനെതിരെ നടപടി

സ്വീകരിക്കാൻ നാട്ടിൽ നിയമമുണ്ട്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ മഹാരാഷ്ട്രാ ഗവൺമെന്റ് പാസ്സാക്കിയ നിയമത്തിന്റെ ചുവടുപിടിച്ച് സംസ്ഥാനത്ത് അത്തരമൊരു നിയമം കൊണ്ടുവരുന്നത് സംബന്ധിച്ച് ആലോചിക്കുകയാണ്. ഈ നിയമനിർമ്മാണം നടപ്പു സമ്മേളനത്തിലോ അടുത്ത സമ്മേളനത്തിലോ കൊണ്ടുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (2) നഷ്ടപരിഹാരം നൽകേണ്ടതിന്റെ ആവശ്യകത

ശ്രീമതി ജമീലാ പ്രകാശം: നെല്ലിന്റെ വിലയിടിവിനെത്തുടർന്നുള്ള സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിനായി വെള്ളായണി കായൽ വറ്റിച്ച് നെൽക്കൃഷി ചെയ്തിരുന്നത് നിർത്തലാക്കിയതോടെ നെൽകർഷകർ ബുദ്ധിമുട്ടിലായിരിക്കുകയാണ്. ഇപ്പോൾ മാലിന്യങ്ങൾ നിക്ഷേപിക്കുന്നൊരിടമായി വെള്ളായണി കായൽ മാറിയിരിക്കുന്നു. വെള്ളായണി കായലിനെ ഒരു ശുദ്ധജല തടാകമായി സംരക്ഷിക്കാനും നിലനിർത്താനുമായി ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ, വിവിധ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർ, സ്ഥലം എം.എൽ.എ. എന്നിവർ സംയുക്തമായി ചർച്ച നടത്തി തയ്യാറാക്കിയ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും നിയമാവലിയും ജലവിഭവ വകുപ്പിന് സമർപ്പിച്ചുവെങ്കിലും പ്രയോജനമുണ്ടായില്ല. വെള്ളായണി കായലിന്റെ കയ്യേറ്റവും റിസോർട്ട് നിർമ്മാണവും മണൽ മാഫിയ- ഉദ്യോഗസ്ഥ ഇടപെടലുകളും കായലിന്റെ സംരക്ഷണ

പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നതിനാൽ കൃഷി-റവന്യൂ-പരിസ്ഥിതി-ജലവിഭവ വകുപ്പുകളുടെയും കാർഷിക സർവ്വകാലശാലയുടെയും ഏകോപനം ആവശ്യമാണ്. കായലിന്റെ അതിർത്തി തിരിച്ച് തിട്ടപ്പെടുത്തി കായൽജലത്തിൽപ്പെട്ട് പട്ടയഭൂമി നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുക്കുന്നതിനും കർഷകരെ ജൈവകൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനും കായൽ മലിനീകരണം തടയുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. ഇതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുമന്ത്രിമാരും തലവന്മാരും ജനപ്രതിനിധികളുമുൾപ്പെട്ട ഒരു സ്ഥിരം സ്റ്റാറ്റ്യൂട്ടറി സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരളത്തിലെ ശുദ്ധജല തടാകങ്ങളിലൊന്നായ വെള്ളായണി കായലിന്റെ സംരക്ഷണം സംബന്ധിച്ച് 18-11-2014-ൽ വനം പരിസ്ഥിതി വകുപ്പുമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുകയും നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു. കായലിന്റെ സംരക്ഷണാർത്ഥം സെന്റർ ഫോർ വാട്ടർ റിസോഴ്സസ് മാനേജ്മെന്റ് തയ്യാറാക്കിയ റിപ്പോർട്ട് സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല പരിശോധനാ സമിതി പരിശോധിച്ച് നൽകുന്ന

ശിപാർശകൾകൂടി പരിഗണിച്ച് കായൽ സംരക്ഷണവുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമപ്രകാരം ബന്ധപ്പെട്ട വ്യക്തികൾക്ക് ഹിയറിംഗ് നോട്ടീസ് നൽകുകയും തിരുവനന്തപുരം അഡീഷണൽ തഹസീൽദാരെ തുടർ നടപടികൾക്കായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കായലുമായി ചേർന്നു കിടക്കുന്ന പട്ടയ ഭൂമിയുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകി ഭൂമി അവിടെത്തന്നെ നിലനിർത്താനും കായൽ, മാലിന്യ വിമുക്തമാക്കി സംരക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

### (1) കൺസ്യൂമർഫെഡിലെ അഴിമതി

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): അഴിമതിയും കെടുകാര്യസ്ഥതയും ധൂർത്തും കാരണം തകർച്ച നേരിടുന്ന കൺസ്യൂമർഫെഡിനെ കടക്കെണിയിൽ നിന്നും കരകയറ്റുന്നതിനും ക്രമക്കേടുകൾ കണ്ടെത്തി അഴിമതിക്കാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും ഗവൺമെന്റ് തയ്യാറാകണം.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): കൺസ്യൂമർഫെഡ് ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും

വലിയ പ്രശ്നം സാമ്പത്തിക പ്രതിസന്ധിയാണ്. മുൻസർക്കാരിന്റെ കാലത്ത് കൊടുത്തുതീർക്കാനുണ്ടായിരുന്ന കുടിശ്ശിക ലഭ്യമാകാതിരുന്നത് കൺസ്യൂമർഫെഡിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, ഗവൺമെന്റ് സബ്സിഡി, എൻ.സി.ഡി. സബ്സിഡി മുതലായവ കൃത്യമായി അടയ്ക്കാതിരിക്കുന്നതുകൊണ്ടുള്ള ബാധ്യതയും സപ്ലൈയർമാർക്ക് കൃത്യമായി പണം നൽകാൻ കഴിയാത്തതും കൺസ്യൂമർഫെഡിന്റെ പ്രവർത്തനം മന്ദീഭവിക്കുന്നതിനിടയാക്കിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി ഫെഡറേഷന്റെ വിവിധ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും ആവശ്യമുള്ള തുക സർക്കാർ ഗ്യാരന്റിയോടുകൂടി ലഭ്യമാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൺസ്യൂർഫെഡിലെ സാമ്പത്തിക ക്രമക്കേടുകൾ യഥാസമയം കണ്ടെത്തുന്നതിന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. നിലവിൽ നടന്നുവരുന്ന വിജിലൻസ് അന്വേഷണത്തോടൊപ്പം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും സസ്പെന്റ് ചെയ്തിട്ടുണ്ട്. കൺസ്യൂമർഫെഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെയും രജിസ്ട്രാറുടെയും ആഭിമുഖ്യത്തിലുള്ള ഒരു യോഗം വിളിച്ചുചേർക്കുന്നതാണ്.

## (2) നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. റോഷി അഗസ്റ്റിൻ: പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിവരുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് കേന്ദ്ര സർക്കാരിന്റെ ദുരന്ത നിവാരണ ഫണ്ട് വിനിയോഗം സംബന്ധിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമായിരുന്നു. കേന്ദ്ര ഗവൺമെന്റ് നിലപാട് ഈ സഹായം നഷ്ടപരിഹാരമല്ല, മറിച്ച് അടിയന്തര ആശ്വാസ ധനസഹായം മാത്രമാണെന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ നാമമാത്രമായ സഹായം മാത്രമേ കർഷകർക്ക് ലഭിക്കുകയുള്ളൂ. കൃഷി വകുപ്പ് ഇക്കാര്യം പരിശോധിച്ച് തയ്യാറാക്കിയ പ്രൊപ്പോസൽ വേഗത്തിൽ പരിഗണിച്ച് തീരുമാനമുണ്ടാക്കുന്നതാണ്.

## (3) എസ്.സി. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

ശ്രീ. കെ. രാജു: വനമേഖലകളിലും തമിഴ്നാടിനോട് ചേർന്ന മേഖലകളിലുമായി താമസിക്കുന്ന തമിഴ് വംശജരായിട്ടുള്ള ഹരിജനങ്ങൾക്കും എസ്.സി. സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേന്ദ്ര ഗവൺമെന്റ് മാർഗ്ഗനിർദ്ദേശമനുസരിച്ച്

പട്ടികജാതി ലിസ്റ്റിലെ ഏതെങ്കിലും ഒരു സമുദായത്തിൽപ്പെട്ടതായി സാക്ഷ്യപത്രം ലഭിക്കേണ്ട വ്യക്തി 1950-നമുമ്പ് കുടിയേറിയത് ഏത് സംസ്ഥാനത്തുനിന്നാണോ ആ സംസ്ഥാനത്തിലെ പട്ടികജാതി ലിസ്റ്റിൽ അംഗീകരിക്കപ്പെട്ട ഒരു സമുദായത്തിലെ അംഗമായിരിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. സംസ്ഥാനങ്ങൾ തിരിച്ചുള്ള ലിസ്റ്റുകൾ 1950-ൽ മാത്രമേ പുറപ്പെടുവിച്ചിട്ടുള്ളൂവെന്നിരിക്കെ 1950-നമുമ്പ് കുടിയേറിയവർക്ക് ഇപ്രകാരം നിഷ്കർഷിച്ചിരിക്കുന്ന നിബന്ധന നടപ്പിലാക്കുന്നതിൽ പ്രായോഗിക വൈഷമ്യമുള്ളതായി ഗവൺമെന്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ കാര്യം കേന്ദ്ര മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും മറുപടി കിട്ടാത്തതിനാൽ ഒരിക്കൽക്കൂടി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് വ്യക്തമായ തീരുമാനമുണ്ടാക്കാനായി ശ്രമിക്കുന്നതാണ്.

## (4) ആസ്തിവികസന ഫണ്ടിന്റെ പ്രവർത്തന പുരോഗതി

ശ്രീ. കെ. മുരളീധരൻ: ആസ്തിവികസന ഫണ്ട് പ്രകാരമുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി നിരീക്ഷിക്കുന്നതിന് ജില്ലാ പ്ലാനിംഗ് ഓഫീസിൽ മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും ഫണ്ടിന്റെ പേയ്മെന്റുകൾക്കായി പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് രൂപീകരിച്ച് മുഴുവൻ ബില്ലുകളും സമയബന്ധിതമായി പാസ്സാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): നിലവിലുള്ള സംവിധാനമനുസരിച്ച് ആസ്തി വികസന ഫണ്ട് പ്രകാരമുള്ള പദ്ധതികൾ പദ്ധതിയേതര വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതിന് സാങ്കേതിക തടസ്സമുണ്ട്. ഈ പദ്ധതിയുടെ കീഴിൽ എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഓരോ വകുപ്പുകൾക്കും വെവ്വേറെ ഹെഡ് ഓഫ് അക്കൗണ്ടുകളാണ് നിലവിലുള്ളത്. വിവിധ വകുപ്പുകളുടെ കീഴിൽ ചെലവുകൾ വകയിരുത്തുന്നതിനായി പൊതുവായ ഒരു ഹെഡ് ഓഫ് അക്കൗണ്ട് തുറക്കുന്നത് പ്രായോഗികമല്ല. പൊതുമരാമത്ത്, ജലസേചനം, വനം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളുടെ ബില്ലുകൾ മറ്റ് വർക്കുകൾക്കൊപ്പം സീനിയോറിറ്റി സംവിധാനത്തിൽ പരിഗണിക്കണമെന്ന ഹൈക്കോടതിയുടെ ഉത്തരവ് കോൺട്രാക്ടർമാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ കോടതിയിൽ അപേക്ഷ കൊടുത്ത് മാറ്റം വരുത്താൻ ശ്രമിക്കുന്നതാണ്. ആസ്തി വികസന ഫണ്ടിന്റെ പ്രവർത്തനങ്ങൾ ഏറ്റവും കാര്യക്ഷമമായി കൊണ്ടുപോകുന്നതിന് വകുപ്പദ്ധ്യക്ഷൻമാർക്ക് നിർദ്ദേശങ്ങൾ നൽകുന്നതാണ്.

## (5) കോട്ടയം ടെക്സ്റ്റയിൽസ് നേരിടുന്ന പ്രതിസന്ധി

ശ്രീ. മോൻസ് ജോസഫ്: കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കോട്ടയം ടെക്സ്റ്റയിൽസ് നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും ഫണ്ട്

അനുവദിക്കുന്നതിനും ഇതിനോടനുബന്ധമായി ഒരു നെയ്ത്തുശാല ആരംഭിക്കുന്നതിനുള്ള ഫീസിബിലിറ്റി പരിശോധിക്കുന്നതിന് ട്രേഡ് യൂണിയനുകളെ ഉൾപ്പെടുത്തി ഒരു ഉന്നതതലയോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഇപ്പോൾ ടെക്സ്റ്റൈൽസ് മേഖല മുഴുവൻ നഷ്ടത്തിലാണ്. ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലുള്ള എല്ലാ മില്ലുകൾക്കും ഗവൺമെന്റ് കുറച്ച് ഫണ്ട് അടിയന്തരമായി കൊടുക്കുന്നുണ്ട്. ലെഡ്ജർ അക്കൗണ്ടിൽനിന്ന് 155 ലക്ഷം രൂപ ഉടൻതന്നെ കോട്ടയം ടെക്സ്റ്റൈൽസ് കോർപ്പറേഷന് കൊടുക്കുന്നതാണ്. ഇക്കാര്യങ്ങൾ സംബന്ധിച്ച് ട്രെയ്ഡ് യൂണിയനുകളുമായും ചർച്ച നടത്തുന്നതാണ്.

## (6) റോഡ് പുനർനിർമ്മാണം

ശ്രീ. എ. എം. ആരിഫ്: അരൂർ നിയോജകമണ്ഡലത്തിലെ തുറവൂർ-കുമ്പളങ്ങി റോഡ് പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): അരൂർ നിയോജകമണ്ഡലത്തിലെ തുറവൂർ-കുമ്പളങ്ങി റോഡിന്റെ പുനർനിർമ്മാണത്തിനായി 14.07.2009-ൽ 390 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ആരംഭിച്ച പണി കരാറുകാരൻ ഇടയ്ക്കുവച്ച് നിർത്തിയതിനാൽ റിസ്ക് ആന്റ് കോസ്റ്റിൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്തു. തുടർന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ

ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി ഒരു കോടി രൂപ അനുവദിക്കുകയും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും ചെയ്തു. ടെർമിനേറ്റ് ചെയ്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ക്ഷണിച്ച ടെൻഡറിലും റീ-ടെൻഡറിലും കരാറുകാർ ആരും പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുകയുണ്ടായി. ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിരിക്കുന്ന ക്വട്ടേഷൻ എസ്റ്റിമേറ്റിനേക്കാൾ 250 ശതമാനം ഉയർന്ന തുകയായതിനാൽ സർക്കാർ അംഗീകാരം ലഭിക്കുകയില്ല. ആയതിനാൽ പുതിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി കഴിയുന്നതുംവേഗം റീ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (7) മോലോത്തുങ്കൽ ബാലഗോപാലക്ഷേത്ര പരിസരത്തുണ്ടായ സംഘർഷം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): 2015 ജൂൺ മാസം രണ്ടാം തീയതി മാങ്ങാട് പഞ്ചായത്തിൽപ്പെട്ട ക്ഷേത്ര പരിസരത്തുവച്ച് കോൺഗ്രസ്സ്-സി.പി.ഐ.(എം) പ്രവർത്തകർ തമ്മിലുണ്ടായ സംഘർഷത്തിൽ യഥാർത്ഥ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): മോലോത്തുങ്കാൽ ബാലഗോപാല ക്ഷേത്രം മലിനമാക്കിയ സംഭവവുമായി ബന്ധപ്പെട്ട് രൂപം കൊണ്ടിട്ടുള്ള വർഗ്ഗീയ ചേരിതിരിവും സംഘർഷവും രൂക്ഷമാകാൻ

സാധ്യതയുള്ളതിനാലും നാട്ടിൽ സമാധാന അന്തരീക്ഷം നിലനിർത്തേണ്ടതിനാലും സംഭവത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നതിന് സാധിക്കില്ല. സംഭവം നടന്ന് പത്ത് മിനിറ്റിനുള്ളിൽ എസ്.പി. സ്ഥലത്തെത്തുകയും നിരോധനാജ്ഞ പുറപ്പെടുവിക്കുകയും ശക്തമായ പോലീസ് ബന്തവസ് ഏർപ്പെടുത്തുകയും ചെയ്തു. കോൺഗ്രസ്സും സി.പി.ഐ.(എം)-യും തമ്മിലുള്ള തർക്കമായാണ് പ്രശ്നം ആരംഭിച്ചതെങ്കിലും പിന്നീട് അതിന്റെ സ്വഭാവം മാറുകയാണുണ്ടായത്. പോലീസ് കർശന നടപടികൾ കൈക്കൊള്ളുകയും കാപ്പ ആക്ട് പ്രകാരം ഒരാളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരുകയാണ്. സ്ഫോടനാത്മകമായ സാഹചര്യമാണ് അവിടെ നിലനിൽക്കുന്നത്. സംഘർഷം വളരാൻ സാധ്യതയുണ്ടെന്ന് ഇന്റലിജൻസ് റിപ്പോർട്ടുള്ളതിനാൽ പോലീസ് കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കുന്നതാണ്. ക്ഷേത്ര കമ്മിറ്റിയുടെ നേതൃത്വത്തിൽ ആഹ്വാനം ചെയ്തിട്ടുള്ള പോലീസ് സ്റ്റേഷൻ മാർച്ച് ഒഴിവാക്കണം. ജില്ലാ കളക്ടറും ജില്ലാ പോലീസ് സൂപ്രണ്ടും ക്ഷേത്ര കമ്മിറ്റി ഭാരവാഹികളുമായി ചർച്ച ചെയ്ത് പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിന് ശ്രമിക്കുന്നതാണ്.

## (8) സ്കോളർഷിപ്പ് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ആർ. സെൽവരാജ്: നാടാർ സമുദായത്തിലെ പെൺകുട്ടികൾക്ക്

നൽകിവരുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): നാടാർ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് യു.പി. വിഭാഗത്തിലും ഹൈസ്കൂൾ വിഭാഗത്തിലും നൽകിവരുന്ന സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന നാടാർ സമുദായത്തിലെ പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുക പ്രതിവർഷം ബിരുദ കോഴ്സുകൾക്ക് 2000 രൂപയും ബിരുദാനന്തരബിരുദ കോഴ്സുകൾക്ക് 2500 രൂപയും പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രതിവർഷം 3000 രൂപയും ഹോസ്റ്റൽ സ്റ്റൈപ്പന്റ് 6000 രൂപയുമായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വാർഷിക വരുമാനപരിധി 2.25 ലക്ഷം രൂപയായി ഉയർത്തുവാനുള്ള നിർദ്ദേശവും പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ധനകാര്യവകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (9) തസ്തികകൾ അനുവദിക്കൽ

ശ്രീമതി ഇ. എസ്. ബിജിമോൾ: ഹയർ സെക്കണ്ടറി സ്കൂളുകളിലെ

പ്രിൻസിപ്പൽമാരുടെ ജോലി ഭാരം കുറയ്ക്കുന്നതിനുവേണ്ടി ക്ലാർക്ക്, പ്യൂൺ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഹയർ സെക്കണ്ടറി മേഖല നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച ലബ്ബ കമ്മിറ്റിയുടെ ശുപാർശകളിൽ ഹയർ സെക്കണ്ടറി പ്രിൻസിപ്പലിന്റെ അദ്ധ്യാപന ജോലി ലഘൂകരിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തിയിരുന്നു. സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിനായി ഹൈസ്കൂളിനോടൊപ്പം ഹയർ സെക്കണ്ടറി സ്കൂൾ പ്രവർത്തിക്കുന്നിടത്ത് രണ്ട് വിഭാഗങ്ങളെയും ഏകീകരിച്ച് ഒരു ഭരണവിഭാഗമാക്കുവാനും അതിന്റെ തലവനായി ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലിനെ നിയമിക്കുവാനും ഹെഡ്മാസ്റ്റർ തസ്തികയെ പുനർനാമകരണം ചെയ്ത് പ്രിൻസിപ്പലിന് താഴെ വൈസ് പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഈ ഭരണപരമായ സംവിധാനത്തിൽ അനദ്ധ്യാപകരെ സ്കൂളിന്റെ മൊത്തത്തിലുള്ള പ്രവർത്തനത്തിന് വിനിയോഗിക്കുവാനും ഹയർ സെക്കണ്ടറിവരെയുള്ള കുട്ടികളുടെ എണ്ണം കണക്കാക്കി നിലവിലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ കൂടുതൽ അനദ്ധ്യാപകരെ നിയമിക്കുവാനും സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് സ്പെഷ്യൽ റൂൾസിലും കെ.ഇ.ആർ.ലും മാറ്റങ്ങൾ വരുത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

## (10) വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ട്

ശ്രീ. രാജു എബ്രഹാം: മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഓഫ് ക്യാമ്പസ് സെന്ററുകൾ പൂട്ടിയതുമൂലം വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): വിദൂര വിദ്യാഭ്യാസത്തിന്റെ നിയന്ത്രണ ചുമതലയുള്ള കേന്ദ്ര ഏജൻസിയായ ഡൽഹിയിലെ ഡിസ്റ്റൻറ് എഡ്യൂക്കേഷൻ കൗൺസിലിന്റെ നിബന്ധനകൾ മുഖവിലയ്ക്കെടുക്കാതെയും സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതി തേടാതെയും മഹാത്മാഗാന്ധി സർവ്വകലാശാല ധാരാളം ഓഫ് ക്യാമ്പസ് സെന്ററുകൾ നടത്തുന്നതിന് സ്വകാര്യ ഏജൻസികൾക്ക് അനുമതി നൽകുകയുണ്ടായി. സർവ്വകലാശാലയുടെ അധികാരപരിധിക്ക് പുറത്ത് പ്രവർത്തിക്കുന്ന ഓഫ് ക്യാമ്പസ് സെന്ററുകൾ അടിയന്തരമായി നിറുത്തലാക്കണമെന്ന യു.ജി.സി.യുടെ നിർദ്ദേശം അനുസരിക്കാതെയും സർക്കാർ പ്രതിനിധികളുടെ എതിർപ്പ് വകവയ്ക്കാതെയും സംസ്ഥാനത്തിനകത്തും പുറത്തുമായി 77 പുതിയ ഓഫ് ക്യാമ്പസ് സെന്ററുകൾ കൂടി അനുവദിക്കാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിക്കുകയുണ്ടായി. ഇക്കാര്യങ്ങൾ സർക്കാർ ചാൻസലറുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയുടെ അധികാര

പരിധിയ്ക്ക് അകത്തും പുറത്തും ആരംഭിച്ച എല്ലാ ഓഫ് ക്യാമ്പസ് സെന്ററുകളും അടിയന്തരമായി അടച്ചുപൂട്ടണമെന്നും പ്രസ്തുത സെന്ററുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടെ പഠനം പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. ചാൻസലറുടെ ഉത്തരവ് നടപ്പിലാക്കിക്കൊണ്ട് സർവ്വകലാശാല രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## (11) താലൂക്കാശുപത്രിയായി ഉയർത്തൽ

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: മലപ്പുറം ജില്ലയിലെ മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്കാശുപത്രിയായി ഉയർത്തി ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): മലപ്പുറം ജില്ലയിലെ മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനും 68 തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്. അതുവരെ എൻ.ആർ.എച്ച്.എം. മുഖേന ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ

മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) സബ്ജക്റ്റ് കമ്മിറ്റി V-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

## 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ V – കാർഷികാദായ നികുതിയും വില്പനനികുതിയും (177,72,90,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXI – ഭവനനിർമ്മാണം (93,64,40,000 രൂപ)

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VI – ഭൂനികുതി (352,29,23,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XI – ജില്ലാഭരണവും പലവകയും (334,48,73,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXVI – പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് (268,80,67,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കാർഷികാദായ നികുതിയും വില്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപം അവതരിപ്പിക്കേണ്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u> സംസ്ഥാനത്ത് നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിന് സർക്കാർ ഒരു നടപടിയും സ്വീകരിക്കുന്നില്ല. ധനകാര്യ വകുപ്പിന്റെ പിടിപ്പുകേടുമൂലം പദ്ധതിപ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണ്. വൻതുക കുടിശ്ശികയായതുകാരണം സർക്കാർ കോൺട്രാക്ടർമാർ പ്രവൃത്തികൾ ഏറ്റെടുക്കാൻ വിസമ്മതിക്കുകയാണ്. പ്രഖ്യാപിച്ച പദ്ധതികളൊന്നും നടപ്പാക്കാൻ സർക്കാരിന് കഴിയുന്നില്ല. റബ്ബറിന്റെ വിലയിടിവ് മൂലമുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് ഒരു നടപടിയും സ്വീകരിക്കാൻ സർക്കാരിന് കഴിഞ്ഞില്ല. നികുതി പിരിച്ചെടുക്കുന്നതിലുള്ള അലംഭാവവും അഴിമതിയും സംസ്ഥാനത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലെത്തിച്ചിരിക്കുകയാണ്. സർക്കാർ ഭൂമി കൈയേറുന്നവർക്ക് ഒത്താശ ചെയ്യുന്ന സമീപനമാണ് റവന്യൂ വകുപ്പ് സ്വീകരിക്കുന്നത്. സംസ്ഥാനത്തെ ഭവനനിർമ്മാണ പദ്ധതികൾ അവതാളത്തിലാണ്. നിയമസഭ പാസ്സാക്കിയ നെൽവയൽ-തണ്ണീർത്തട നിയമത്തിൽ ഭേദഗതി വരുത്തി അതിന്റെ അന്തസ്സത്ത ഇല്ലാതാക്കുന്നതിനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. പ്രകൃതിക്ഷോഭംമൂലം ദുരിതമനുഭവിക്കുന്നവർക്ക് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിന് സർക്കാർ ഒരു നടപടിയും

സ്വീകരിക്കുന്നില്ല. റവന്യൂ/ധനകാര്യ വകുപ്പുകൾ കാര്യക്ഷമതയില്ലായ്മയുടെയും പിടിപ്പുകേടിന്റെയും അഴിമതിയുടെയും പര്യായമായി മാറിയിരിക്കുന്നു. അധികാര ദുർവിനിയോഗത്തിലൂടെ കേസ്സുകളെല്ലാം സർക്കാർ അട്ടിമറിക്കുകയാണ്.

ശ്രീ. കെ. മുരളീധരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ 746 കോടി രൂപയുടെ ചികിത്സാ സഹായം അനുവദിച്ചത് അഭിനന്ദനാർഹമാണ്. മേജർ ശസ്ത്രക്രിയ വേണ്ടിവരുന്ന രോഗികൾക്കുകൂടി കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് തുക അനുവദിക്കണം. ഭവന പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കണം. റബ്ബറിന്റെ താങ്ങുവില 150 രൂപയാക്കി വർദ്ധിപ്പിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കണം. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും ഫ്ളാറ്റ് നിർമ്മാണത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകാനും വെള്ളപ്പൊക്ക ദുരിതാശ്വാസഫണ്ട് ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്താനും അടിയന്തര നടപടി സ്വീകരിക്കണം. ലഭ്യമാകുന്ന പരാതിയുടെ അടിസ്ഥാനത്തിൽ കളക്ടറുടെ നേതൃത്വത്തിലുള്ള മോണിട്ടറിംഗ് കമ്മിറ്റി പരിശോധിച്ച് കാലപ്പഴക്കം ചെന്ന

മരങ്ങൾ വെട്ടി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം. UDF ഗവൺമെന്റിന്റെ നാലു വർഷത്തെ പ്രവർത്തനങ്ങളുടെ അംഗീകാരമാണ് അരുവിക്കര ഉപതെരഞ്ഞെടുപ്പ് ഫലം.

ശ്രീ. ഇ . ചന്ദ്രശേഖരൻ: പ്രകൃതിക്ഷോഭംമൂലം നാശനശഷ്ടം സംഭവിച്ചവർക്ക് നൽകുന്ന ധനസഹായം 2013 മുതൽ കുടിശ്ശികയാണ്. മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനോ ആശുപത്രികളിൽ ആവശ്യമായ സ്റ്റാഫിനെ നിയോഗിക്കുന്നതിനോ മരുന്നുക്ഷാമം പരിഹരിക്കുന്നതിനോ യാതൊരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. കാർഷിക മേഖല തകർച്ചയെ നേരിടുകയാണ്. ഉന്നത വിദ്യാഭ്യാസ മേഖല കുത്തഴിഞ്ഞ അവസ്ഥയിലും സർവ്വകലാശാലകൾ അഴിമതിയുടെ കേന്ദ്രങ്ങളായും മാറിയിരിക്കുന്നു. കടലാക്രമണംമൂലം തീരദേശത്തുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും കടൽ ഭിത്തികൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. സി. മമ്മൂട്ടി: ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. അക്രമ രാഷ്ട്രീയം അവസാനിപ്പിക്കാൻ പ്രതിപക്ഷം തയ്യാറായാൽ മാത്രമേ പ്രബുദ്ധ കേരളത്തിൽ ഇന്ന് പ്രതിപക്ഷത്തിന് നിലനിൽപ്പുള്ളൂ എന്ന കാര്യം മനസ്സിലാക്കണം. എം.എൽ.എ.മാരുടെ ആസ്തിവികസനഫണ്ട് അഞ്ച് കോടി രൂപയായി വർദ്ധിപ്പിക്കാനും 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി' പ്രകാരം ഭൂമി വിതരണം

ചെയ്യാനുമുള്ള നടപടികൾ അഭിനന്ദനാർഹമാണ്. ഭൂമിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ഠൗൺഷിപ്പ് മോഡലിൽ കുറഞ്ഞ നിരക്കിലുള്ള ഫ്ലാറ്റുകൾ വിതരണം ചെയ്യുന്നതിനെക്കുറിച്ച് പരിശോധിക്കണം. ജില്ലാടിസ്ഥാനത്തിൽ ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനായി ന്യായവിലയ്ക്ക് നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനും ഭൂരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് ഭൂമി വിതരണം ചെയ്യുന്നതിൽ നേരിടുന്ന നിയമതടസ്സം നീക്കുന്നതിനും നടപടി സ്വീകരിക്കണം. ജനസമ്പർക്ക പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും കാരുണ്യ ബനവലന്റ് പദ്ധതിപ്രകാരം എ.പി.എൽ/ബി.പി.എൽ. വ്യത്യാസമില്ലാതെ ചികിത്സാസൗകര്യം ഏർപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചതും പ്രശംസാർഹമാണ്. ഫയലുകളിൽ തീർപ്പ് കൽപ്പിച്ച് തിരൂർ രാജീവ് ഗാന്ധി സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും സർക്കാർ ഭൂമി കൈമാറ്റം സംബന്ധിച്ച നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനും നിളാ നദിയുടെ തീരസംരക്ഷണത്തിനും ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. കെ. നാണു</u>: പരിസ്ഥിതി സംരക്ഷിക്കുന്നതിനും മഴക്കാലത്ത് തകരുന്ന റോഡുകളുടെ നിർമ്മാണത്തിനായി വെള്ളപ്പൊക്ക ദുരിതാശ്വാസനിധി വിനിയോഗിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. നിശ്ചിത ഫീസ്

ഈടാക്കി നികത്തിയ വയലുകൾ റെഗുലറൈസ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

ഡോ. എൻ. ജയരാജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക വളർച്ചയിൽ ദേശീയ ശരാശരിയേക്കാൾ വളരെയേറെ മുന്നോട്ടുപോകാനും ആഭ്യന്തര വളർച്ച 11%-ൽ എത്തിക്കാനും വാണിജ്യ നികുതി പിരിവിൽ വർദ്ധനവുണ്ടാക്കാനും സംസ്ഥാനത്തിന് കഴിഞ്ഞു. നികുതി പിരിവ് ഊർജ്ജസ്വലമാക്കാനും സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം വ്യാപിപ്പിക്കാനുമുള്ള നടപടി അഭിനന്ദനാർഹമാണ്. നികുതി റിട്ടേണുകളുമായി ബന്ധപ്പെട്ട സ്ക്രൂട്ടിനികളുടെ നിലവാരം വർദ്ധിപ്പിക്കാനും സി.എസ്.ടി. അസസ്സ്മെന്റ് കാര്യക്ഷമമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചു. ട്രെയിൻ, ലക്ഷ്വറി ബസ്സുകൾ എന്നിവയിലൂടെ സാധനങ്ങൾ കൊണ്ടുവന്ന് നികുതി വെട്ടിപ്പ് നടത്തുന്നത് തടയാനും ഓഡിറ്റ് അസസ്സ്മെന്റ് വിംഗ് പുന:സ്ഥാപിക്കാനും ലോട്ടറിയിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കാനും, സാമൂഹ്യ പരിരക്ഷയുടെ ഭാഗമാക്കി മാറ്റാനും വാർഷിക വിറ്റുവരവ് വൻതോതിൽ വർദ്ധിപ്പിക്കാനും വിൽപ്പനക്കാരുടെ കമ്മീഷൻ വർദ്ധിപ്പിക്കാനും സാധിച്ചത് സ്വാഗതാർഹമാണ്. യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന വികസന മിഷന് രൂപം നൽകുകയും ഇ-ട്രഷറി സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ച നടപടി

സ്വാഗതാർഹമാണ്. ഡിസ്ട്രിക്ട് ലെവൽ എമർജൻസി സെന്റർ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാനുള്ള നടപടിയുണ്ടാകണം. പുഴകളുടെ തീരങ്ങൾ ജണ്ടകെട്ടി നിർണ്ണയിക്കാനുള്ള സംവിധാനമുണ്ടാക്കുന്നതോടൊപ്പം ബഹുജന പങ്കാളിത്തത്തോടെ പുഴകളുടെ സംരക്ഷണം നടപ്പാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. ഇടുക്കി ജില്ലയിലെ ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളുടെ പട്ടയം ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി' പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം.

<u>ശ്രീ. സാജു പോൾ</u>: റവന്യൂ, ഭവന നിർമ്മാണം, ട്രഷറി തുടങ്ങിയ പ്രധാനപ്പെട്ട വകുപ്പുകളിൽ നാമമാത്രമായ പ്രഖ്യാപനങ്ങൾ മാത്രമേ 2015-16 വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളൂ എന്നത് യു.ഡി.എഫ്. ഗവൺമെന്റ് നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ ചൂണ്ടുപലകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മെഡിക്കൽ കോളേജുകളിൽ ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് തുച്ഛമായ നിരക്കിൽ വീടുകൾ വാടകയ്ക്ക് ലഭ്യമാക്കുന്ന സാന്ത്വനം പദ്ധതി, ഭവന നിർമ്മാണ ബോർഡിന്റെ കൽപ്പറ്റയിലുള്ള സ്ഥലത്ത് മുതിർന്ന പൗരന്മാർക്കായി പകൽ സമയ വിശ്രമ കേന്ദ്രം, റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് പരിപാടികൾ, നിലമ്പൂരിൽ മിനി സിവിൽ സ്റ്റേഷൻ, ട്രഷറികളുടെ പശ്ചാത്തല

സൗകര്യ വികസനം, പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ട്രഷറികളിൽ ലോക്കർ സൗകര്യം തുടങ്ങിയവ മാത്രമാണ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സോഷ്യൽ ആഡിറ്റ് നടത്തിയ അഴിമതിരഹിത വാളയാർ ചെക്ക്പോസ്റ്റിലെ ഇന്നത്തെ അവസ്ഥ പരിതാപകരമാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിലും ഇ-പേമെന്റ് സംവിധാനം പ്രാബല്യത്തിൽ വരുത്തുന്നതിലും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിലും ജി.എസ്.ടി. നടപ്പിലാക്കുന്നതിലും യു.ഡി.എഫ്. ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. റബ്ബറിന്റെ വിലയിടിവ് മൂലം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടിന് പരിഹാരം കാണാനും കരാറുകാരുടെ കുടിശ്ശിക, എച്ച്.ഐ.വി. ബാധിതർ ഉൾപ്പെടെയുള്ളവർക്കുള്ള സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിലെ കുടിശ്ശിക, നെല്ലിന്റെ സംഭരണവില, കർഷകർക്കുള്ള നഷ്ടപരിഹാരം എന്നിവ സമയബന്ധിതമായി വിതരണം ചെയ്യാനും നടപടി സ്വീകരിക്കണം. നിർമ്മാണ മേഖല സ്തംഭിക്കുകയും ഭൂമിയേറ്റെടുക്കൽ നടപടികൾ മുടങ്ങികിടക്കുകയുമാണ്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ അപേക്ഷ നൽകിയവർക്ക് ഭൂമി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ തുടർച്ചയായി ഹാജരാകുന്ന പരാതിക്കാർക്ക് മതിയായ സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് പുനരവലോകനം ചെയ്യണം. നടപടിക്രമങ്ങൾ ലഘൂകരിച്ച്

പട്ടയം, പോക്കുവരവ്, പ്രകൃതി ദുരന്തങ്ങളിൽ കഷ്ടതയനുഭവിക്കുന്നവർക്കുള്ള സഹായം എന്നിവ നൽകാനും പ്രകൃതി ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാനും കഴിയണം. ജനോപകാരപ്രദമായ വിധത്തിൽ ക്രിയാത്മകമായ തീരുമാനങ്ങളിലൂടെ പ്രവർത്തിക്കാൻ കഴിയുന്ന നിലപാട് ധനകാര്യ-റവന്യൂ വകുപ്പുകളുടെ ഭാഗത്തുനിന്നുണ്ടാകണം. പ്രകൃതിദുരന്തങ്ങളിൽ ഒലിച്ചുപോയ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ കാര്യത്തിൽ വ്യക്തത വരുത്തണം.

<u>ശ്രീ. എം. പി. വിൻസെന്റ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് ശക്തമായ ജനപ്രിയ ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. ബഡ്ജറ്റ് അവതരണ വേളയിൽ പ്രതിപക്ഷം പരിപാവനമായ നിയമസഭയെ കളങ്കപ്പെടുത്തിയ സംഭവം സാക്ഷര കേരളത്തിന് അങ്ങേയറ്റം അപമാനകരമാണ്. ഘട്ടംഘട്ടമായുള്ള മദ്യനിരോധനം എന്ന പ്രഖ്യാപനം അർത്ഥവത്താക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞുവെന്നത് ഉജ്ജ്വലമായ നേട്ടമാണ്. 2015-16-ൽ അവതരിപ്പിച്ച കർഷക സൗഹൃദ ബഡ്ജറ്റിലൂടെ വിള ഇൻഷ്വറൻസിനായി 12.5 കോടി രൂപ നീക്കിവയ്ക്കുകയും വ്യക്തികളുടെ തോട്ടങ്ങളെ പ്ലാന്റേഷൻ നികുതിയിൽനിന്നും ഒഴിവാക്കുകയും ചെയ്ത നടപടി ശ്ലാഘനീയമാണ്. പായ്ക്ക് ചെയ്ത ആട്ട, മൈദ, സൂചി എന്നിവയുടെ വർദ്ധിപ്പിച്ച

നികുതി പിൻവലിക്കാനും പെട്രോൾ, ഡീസൽ എന്നിവയിന്മേലുള്ള വിൽപ്പന നികുതിയിലൂടെ സ്വരൂപിക്കുന്ന പണം പാവങ്ങളുടെ ഭവനനിർമ്മാണ പദ്ധതിക്കായി നീക്കിവയ്ക്കാനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. പഞ്ചസാരയ്ക്കും വെളിച്ചെണ്ണയ്ക്കും നാമമാത്രമായ നികുതിയാണ് ചുമത്തിയിട്ടുള്ളത്. നികുതി ചോർച്ച തടയുന്നതിന് ചെക്ക്പോസ്റ്റുകൾ അഴിമതി വിമുക്തമാക്കാൻ ശക്തമായ കർമ്മ പദ്ധതി ആവിഷ്ക്കരിക്കുകയും ചെറുകിട കർഷകരെ നികുതി കുടിശ്ശികയിൽ നിന്നും ഒഴിവാക്കുകയും ഓൺലൈൻ വ്യാപാരത്തെ നികുതി വിധേയമാക്കുവാനുള്ള വ്യവസ്ഥകൾ കൊണ്ടുവരികയും വേണം. കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്നും വിരമിച്ച ജീവനക്കാർക്കായി പെൻഷൻ പാക്കേജ് രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കണം. മദ്രാസ് ഐ.ഐ.റ്റി.യുമായി ചേർന്ന് ചെലവുകുറഞ്ഞ രീതിയിൽ ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനെപ്പറ്റി ആലോചിക്കണം. സംസ്ഥാനത്തെ 14 ജില്ലകളിലും സംഘടിപ്പിച്ച റവന്യൂസർവ്വേ അദാലത്തുകളിലൂടെ നികുതിയടയ്ക്കുന്നതിനും പോക്കുവരവ് ചെയ്യുന്നതിനും പട്ടയം ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയത് വൻവിജയമായിരുന്നു. പ്രസ്തുത അദാലത്തുകളിൽ പരിഹരിക്കപ്പെടാതെ കിടക്കുന്ന പരാതികളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം. വനപട്ടയം നൽകുന്നതിനും പട്ടയഭൂമിക്ക് വൈദ്യുതി

നൽകുന്നതിനും നടപടി സ്വീകരിക്കണം. ക്രയവിക്രയം ചെയ്യുന്ന ലക്ഷംവീടുകൾക്ക് പട്ടയം നൽകാൻ ഈ ഗവൺമെന്റ് എടുത്ത തീരുമാനം സ്വാഗതാർഹമാണ്. മാറിക്കൊണ്ടിരിക്കുന്ന ഭൂവിലയുടെ അടിസ്ഥാനത്തിൽ നികുതി പുനർനിർണ്ണയം നടത്തുന്നതോടൊപ്പം അദാലത്തുകളിൽ പരിഗണിക്കപ്പെടുന്ന പരാതികളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തണം. ഭൂമികേരളം പദ്ധതിയും ഇ-ഗവേണൻസ് സംവിധാനവും ജനങ്ങൾക്ക് ഗുണകരമായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചു. റവന്യൂ അധികാരികളിൽ നിന്നും സമയബന്ധിതമായി റിപ്പോർട്ട് വാങ്ങി പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചവർക്ക് ദുരിതാശ്വാസം നൽകുന്നതിനായി സ്പീഡ് അപ് പ്രോഗ്രാം ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കണം.

പ്രൊഫ. സി. രവീന്ദ്രനാഥ്: കേരളത്തിന്റെ മതനിരപേക്ഷതയ്ക്കും കേരള മോഡൽ വികസനത്തിനുമെതിരെ ഉയർന്നുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ പഠനവിധേയമാക്കണം. സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി. വളർച്ചാനിരക്കിനനുസരിച്ച് റവന്യൂവരുമാനം വർദ്ധിക്കുന്നില്ല. ജി.എസ്.ഡി.പി. കുറച്ച് ജി.ഡി.പി. നിരക്ക് വർദ്ധിപ്പിക്കുന്നതിനും റവന്യൂവരുമാനം വർദ്ധിപ്പിക്കുന്നതിനും സർക്കാർ ഇടപെടൽ ശക്തമാക്കണം. ജി.എസ്.ഡി.പി. വളർച്ചയുടെ സിംഹഭാഗവും ധനികരുടെ കൈവശം എത്തുകയും അവരിൽ നിന്ന്

ലഭിക്കേണ്ട നികുതി ലഭിക്കാതിരിക്കുകയും ചെയ്യുമ്പോൾ സാധാരണക്കാരുടെ പരോക്ഷനികുതി വർദ്ധിക്കുകയും സബ്സിഡിയും പൊതുവിതരണവും ഇല്ലാതാകുകയും സമൂഹത്തിൽ അസമത്വം രൂക്ഷമാകുകയും ചെയ്യുന്നു. പരസ്പര പൂരകങ്ങളായ പബ്ലിക് ആക്ഷനും മതനിരപേക്ഷതയും നിലനിന്നാൽ മാത്രമേ കേരള മോഡൽ വികസനം സാധ്യമാകുകയുള്ളൂ. പ്രകൃതിക്ഷോഭം നേരിടുന്നതിനാവശ്യമായ തുക വകയിരുത്തുകയും ജില്ലാഭരണകൂടത്തെ സജ്ജമാക്കുകയും ചെയ്യണം. പ്രകൃതിക്ഷോഭം തടയുന്നത് സംബന്ധിച്ച് സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും പ്രകൃതിസന്തുലനം നിലനിർത്തുന്നതിന് സഹായിക്കുന്നവിധത്തിൽ പ്രതിരോധപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. കേരളത്തിൽ ഭവനമില്ലാത്തവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സമ്പത്തും സാങ്കേതികവിദ്യയും വളരുന്ന അതേ വേഗതയിൽത്തന്നെ ദാരിദ്ര്യവും തൊഴിലില്ലായ്മയും ഭക്ഷണമില്ലായ്മയും വീടില്ലായ്മയും വെള്ളമില്ലായ്മയും വർദ്ധിച്ചു കൊണ്ടിരിക്കുന്നു. കേരളത്തിന്റെ സമ്പദ്‌മേഖലയിൽ വളരെയധികം പണം ഡെഡ് മണിയായി കിടക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കേരള ജനതയ്ക്ക് ഈ ഗവൺമെന്റിലുള്ള വിശ്വാസവും പ്രതീക്ഷയും ഭരണത്തിന്റെ വിലയിരുത്തലുമാണ് അരുവിക്കര ഉപതെരഞ്ഞെടുപ്പിലൂടെ പ്രകടമായത്. ചലനാത്മകമായ റവന്യൂ

വകുപ്പാണ് കേരളത്തിനുള്ളത്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ ആയിരക്കണക്കിന് ജനങ്ങളുടെ സ്വപ്നം സാക്ഷാത്കരിക്കുന്നതിനും പട്ടയ വിതരണത്തിൽ പുരോഗതിയുണ്ടാക്കുന്നതിനും റവന്യൂ അദാലത്തുകൾ ഏറെ പ്രയോജനം ചെയ്തു. ജനസമ്പർക്ക പരിപാടിയിലൂടെ പതിനായിരക്കണക്കിന് ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിച്ചു. പ്രകൃതിക്ഷോഭംമൂലമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരത്തുക ഇരട്ടിയാക്കി. അട്ടപ്പാടിയിലെ ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരത്തുക കൊടുക്കുന്നതിന് നടപടിയുണ്ടാകണം. റവന്യൂ, ഫോറസ്റ്റ് വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ച് മണ്ണാർക്കാട് താലൂക്കിലെ റവന്യൂ ഭൂമി കൃത്യമായി വേർതിരിച്ചെടുക്കുന്നതിനും കൈവശാവകാശ രേഖ നൽകുന്നതിനും നടപടിയുണ്ടാകണം. പൊട്ടിപ്പൊളിഞ്ഞ റോഡുകളുടെ നിർമ്മാണത്തിനായി കേന്ദ്രം അനുവദിച്ചിരുന്ന ഫ്ളഡ് റിലീഫ് ഫണ്ട് വെട്ടിച്ചുരുക്കിയതിനെതിരെ കേന്ദ്രത്തോട് ശക്തമായി പ്രതിഷേധിക്കണം. റിയൽ എസ്റ്റേറ്റ് മേഖലയിലെ ചൂഷണം നിയന്ത്രിക്കുന്നതിന് അതോറിറ്റിയും ട്രിബ്യൂണലും രൂപീകരിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ജനകീയ പാർപ്പിട പദ്ധതിയായ ഗൃഹശ്രീ വിപുലീകരിക്കണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: ആവാസ വ്യവസ്ഥ തകരാറിലായിക്കൊണ്ടിരിക്കുന്ന

ഇക്കാലത്ത് ഭൂമി സംരക്ഷണത്തിനായി ലഭിക്കുന്ന കേന്ദ്രഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിന് കൃത്യമായ പ്രോജക്ടുകൾ രൂപീകരിക്കാൻ കഴിവുള്ള മിടുക്കരായ ഉദ്യോഗസ്ഥരുണ്ടാകണം. സെക്രട്ടേറിയറ്റ് മുതൽ വില്ലേജ് ഓഫീസുകൾ വരെ ഫയലുകൾ കെട്ടിക്കിടക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തണം. വില്ലേജ് ഓഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി നീക്കിവച്ച രണ്ടുവർഷത്തെ ഫണ്ട് ചെലവഴിച്ചിട്ടില്ല. എം.എൻ. ലക്ഷം വീട് , ഇ.എം.എസ്. ഭവന പദ്ധതികൾ നിഷ്ക്രിയമാണ്. റിവർമാനേജ്മെന്റ് ഫണ്ട് വക മാറ്റി ചെലവഴിക്കുന്ന നടപടി പ്രതിഷേധാർഹമാണ്.

<u>ശ്രീ. ടി.എൻ. പ്രതാപൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുക്കുന്ന പ്രതിപക്ഷം ബഡ്ജറ്റിനെ അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യാതിരിക്കുന്നത് ശരിയാണോയെന്ന് ചിന്തിക്കണം. ബഡ്ജറ്റ് പാസ്സാക്കിയില്ലെങ്കിൽ യാതൊരു പ്രവർത്തനങ്ങളും നടത്താൻ കഴിയില്ല. പ്രതിശീർഷ ഭൂമി ലഭ്യത 40 സെന്റ് മാത്രമുള്ള കേരളത്തിൽ കൃഷിക്കുപയുക്തമാകുന്ന ഭൂമി സംരക്ഷിക്കുന്നതിനുവേണ്ടിയാണ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കൊണ്ടുവന്നത്. ഐ. എസ്. ആർ. ഒ. യുടെ പക്കലുള്ള ഉപഗ്രഹ ചിത്രങ്ങൾ പരിശോധിച്ച് 2008-ന് മുമ്പും അതിനുശേഷവും നികത്തിയ നെൽവയലുകളുടെയും നീർത്തടങ്ങളുടെയും വിവരങ്ങൾ

ശേഖരിച്ചുകൊണ്ട് കുറ്റമറ്റരീതിയിൽ ഡാറ്റാബാങ്ക് പബ്ലിഷ് ചെയ്യുന്നതിനുള്ള നടപടികളുണ്ടാകണം. മലയോര മേഖലയിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിയുണ്ടാകണം. കാസർഗോഡ് മുതൽ തിരുവനന്തപുരംവരെയുള്ള കടലോര-കായലോര ജില്ലകളിലെ പതിനായിരക്കണക്കിന് ആളുകൾക്ക് പട്ടയം ലഭിക്കാത്തതുകൊണ്ട് ഒരു തരത്തിലുള്ള ആനുകൂല്യവും ലഭിക്കുന്നില്ല. തീരദേശമേഖലയിലുള്ളവർ പതിറ്റാണ്ടുകളായി കൈവശം വച്ചുകൊണ്ടിരിക്കുന്ന ഭൂമിക്ക് പട്ടയം കൊടുക്കണം. ഇടിമിന്നൽ, കടലാക്രമണം, തീപിടിത്തം എന്നിവയെക്കൂടി പ്രകൃതിക്ഷോഭ ദുരന്തത്തിൽ ഉൾപ്പെടുത്താൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. ജില്ലാ കളക്ടർമാർ ദിവസവും ഒരു നിശ്ചിത സമയം ജനങ്ങളുമായി ഇടപഴകുന്നതിനായി മാറ്റിവയ്ക്കണം. അതിന് ഒരു ക്രമീകരണമുണ്ടാക്കണം. തിരുവനന്തപുരത്തും തൃശ്ശൂരും അടിയന്തരമായി ആർ.ഡി. ഓഫീസുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന പണം പോലും ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിന് സംസ്ഥാന സർക്കാരിന് സാധിക്കുന്നില്ല. നടക്കാത്ത പദ്ധതികളുടെ പരസ്യത്തിനായി 110 കോടി രൂപയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. ചരിത്രത്തിലാദ്യമായി ഓർഡിനൻസിലൂടെ പ്രത്യേക

നികുതി വർദ്ധനവ് കൊണ്ടുവന്ന സർക്കാരാണിത്. 8,142 കോടി രൂപയുടെ നികുതി വർദ്ധനവാണ് ജനങ്ങളുടെ തലയിൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്. കരാറുകാർക്ക് 3,500 കോടി രൂപയുടെ കുടിശ്ശിക നൽകാനുണ്ട്. ക്ഷേമപെൻഷനുകൾ മുടങ്ങികിടക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയുടെ കൂലിയിനത്തിൽ 108 കോടി രൂപയുടെ കുടിശ്ശിക നൽകാനുണ്ട്. പ്രകൃതിക്ഷോഭം മൂലമുള്ള കെടുതികൾക്ക് പരിഹാരമുണ്ടാക്കാൻ സർക്കാരിന് സാധിക്കുന്നില്ല.

(ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടി ബഹിഷ്ക്കരിച്ച് ശ്രീ. സി. ദിവാകരന്റെ നേതൃത്വത്തിൽ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് ഇറങ്ങിപ്പോയി)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നികുതിപിരിവ് കാര്യക്ഷമമല്ലെന്നും നികുതി വരുമാനത്തിൽ കുറവുണ്ടായെന്നുമുള്ള വിമർശനങ്ങൾ ഇവിടെ ചില അംഗങ്ങൾ ഉന്നയിച്ചു. റബ്ബറിന്റെ വിലയിടിവും മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള നികുതിയിനത്തിൽ കുറവുണ്ടായതും സ്വർണ്ണത്തിന്റെ കോമ്പൗണ്ടിംഗ് നിരക്ക് കുറച്ചതും ഭക്ഷ്യധാന്യങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയതും ബാർഹോട്ടലുകൾ അടച്ചതും ബിവറേജസ് കോർപ്പറേഷന്റെ വില്പനയിൽ കുറവ് വന്നതുമെല്ലാം നികുതിവരുമാനത്തെ പ്രതികൂലമായി ബാധിച്ച ഘടകങ്ങളാണ്. കർശനനടപടികളിലൂടെ ചെക്ക്പോസ്റ്റുകളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കാൻ

കഴിഞ്ഞു. റിട്ടേണുകൾ സ്ക്രൂട്ടിണി നടത്തിയും ആഡിറ്റ് വിസിറ്റ് നടത്തിയും കെ.ജി.എസ്.ടി./സി.എസ്.ടി. അസസ്മെന്റുകളിലൂടെയും ക്രൈം ഫയലുകളും ഒ.ആർ. ഫയലുകളും ഡിസ്പോസ് ചെയ്തതിലൂടെയും അഡീഷണൽ ഡിമാന്റ് ക്രിയേറ്റ് ചെയ്യുന്നതിനും കോടിക്കണക്കിന് രൂപ പിരിച്ചെടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ട നികുതിപിരിവിൽ മേയ് 31 വരെയുള്ള ടാർജറ്റിന്റെ 89% പിരിച്ചെടുക്കാൻ സാധിച്ചു. നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനും റിട്ടേൺ സ്ക്രൂട്ടിണി ശക്തമാക്കുന്നതിനും കൂടുതൽ വ്യാപാരികളെ നികുതിനിർണ്ണയ പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റുകൾ പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിക്കുകയും അതിർത്തി ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി ക്യാമറാ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതി കേസ്സുകളും സ്റ്റേയിൽ കിടക്കുന്ന കേസ്സുകളും അടിയന്തരമായി തീർപ്പു കല്പിച്ച് നികുതി പിരിച്ചെടുക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കി പരിശോധന കർശനമാക്കുന്നതിനും ചെക്ക് പോസ്റ്റുകളുടെയും വാണിജ്യനികുതി ഇന്റലിജൻസ് വിഭാഗത്തിന്റെയും പ്രവർത്തനം സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കി നികുതി വെട്ടിപ്പ് തടയുന്നതിനും

കുടിശ്ശിക അസെസ്സ്മെന്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വരുമാനവും ചെലവും ക്രമപ്പെടുത്തി സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിലും  വികസന പ്രവർത്തനങ്ങൾക്ക് സമയബന്ധിതമായി പണം അനുവദിക്കുന്നതിലും ധനവകുപ്പ് മികച്ച പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. ചരക്ക് സേവന നികുതി നടപ്പിലാകുന്നത് സംസ്ഥാനത്തിന് ഗുണകരമാകുമെന്ന് കരുതുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ജില്ലകൾതോറും നടത്തിയ റവന്യൂ സർവ്വേ അദാലത്തുകൾ മുഖേന ലഭിച്ച 472506 പരാതികളിൽ 386323 എണ്ണം പരിഹരിക്കുകയും ബാക്കിയുള്ളവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി നടപ്പാക്കിയതിലൂടെ കണ്ണൂർ, കാസർഗോഡ് ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളാക്കി മാറ്റാൻ സാധിച്ചിട്ടുണ്ട്. ഹാരിസൺസ് മലയാളം പ്ലാന്റേഷൻസ് അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി പിടിച്ചെടുക്കുന്നതിനുള്ള നിയമനടപടികളുമായി മുന്നോട്ടുപോകുകയാണ്. ഈ സർക്കാർ അധികാരമേറ്റശേഷം 124260 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. തീരദേശം, തോട്, പുഴ, കുളം, പാറ, കനാൽ, മേച്ചിൽ,റോഡ് എന്നിവയുടെ പുറമ്പോക്കുകളിൽ

താമസിക്കുന്നവർക്ക് പട്ടയം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് കണ്ണൂർ ജില്ലയിലെ വടക്കേക്കളം, ആറളം പഞ്ചായത്തിലെ അമ്പലക്കണ്ടി, കൊട്ടിയൂർ പഞ്ചായത്തിലെ പൊട്ടൻതോട് തുടങ്ങിയ മേഖലകളിൽ മിച്ചഭൂമി കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മലയോര മേഖലയിലുള്ള കർഷകർക്കും പട്ടയം നൽകുന്നതിന് ശ്രമിക്കുന്നതാണ്. ഇ-ഡിസ്ട്രിക്റ്റ് പദ്ധതി പ്രകാരം 14360520 സർട്ടിഫിക്കറ്റുകൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന വിതരണം ചെയ്യുകയും ഓൺലൈനായി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയുമാണ്. നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ ആരംഭിച്ച ഓൺലൈൻ പോക്കുവരവ് സംവിധാനം മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. ഈ സംവിധാനത്തിലൂടെ രജിസ്ട്രേഷൻ നടപടികൾക്കൊപ്പംതന്നെ പോക്കുവരവ് ഫീസ് ഓൺലൈനായി അടയ്ക്കാനും സബ്ഡിവിഷനില്ലാത്ത കൈമാറ്റമാണെങ്കിൽ അന്നുതന്നെ പോക്കുവരവ് ചെയ്യാനും സാധിക്കും. സബ്ഡിവിഷൻ ഉള്ള കേസുകളുടെ ഡാറ്റ വില്ലേജ് ഓഫീസർമാർ ഓൺലൈനായി തഹസീൽദാർക്ക് അയച്ചുകൊടുത്ത് അംഗീകാരം വാങ്ങി പോക്കുവരവ് ചെയ്ത് നൽകാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം നിലവിലുള്ള തിരുവനന്തപുരം ജില്ലയിലാണ് ആദ്യമായി ഈ

സംയോജിത സംവിധാനം നടപ്പാക്കുന്നത്. ഓൺലൈൻ സംവിധാനത്തിലൂടെ ടാക്സുകളും ഫീസുകളും വില്ലേജ് ഓഫീസിൽ അടയ്ക്കാനും ഡിജിറ്റൽ ഒപ്പോടുകൂടിയ രസീത് പ്രിന്റ് എടുക്കാനും സാധിക്കുന്നതാണ്. വില്ലേജ് ഓഫീസിൽ ലഭിക്കുന്ന പണത്തിന്റെ കണക്ക് താലൂക്കുകളിലും കളക്ടറേറ്റുകളിലും ഓൺലൈനായി അറിയാൻ കഴിയുന്നതിനാൽ സുതാര്യത വർദ്ധിപ്പിക്കുകയും ജനങ്ങൾക്ക് വേഗത്തിൽ സേവനം ലഭിക്കുകയും ചെയ്യുന്നതാണ്. പൈലറ്റടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ തിരുനാവായ വില്ലേജിൽ നടപ്പിലാക്കിയ പ്രസ്തുത പദ്ധതി മറ്റ് വില്ലേജുകളിൽക്കൂടി വ്യാപിപ്പിക്കാനും ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ച് സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുവാനുള്ള നടപടികൾ നടന്നുവരികയാണ്. ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ തുടക്കംകുറിച്ച ഓൺലൈൻ പരാതി പരിഹാര സംവിധാനം അടുത്ത മാസം അവസാനത്തോടെ സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതാണ്. ഇ-ഗവേണൻസ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി വെർച്വൽ ഐ.റ്റി. കേഡർ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഓൺലൈനായി വസ്തുവിന്റെ കരം അടയ്ക്കുവാനുള്ള ഇ-പേമെന്റ് പദ്ധതിയും നടപ്പിലാക്കുന്നതാണ്. 33 സ്മാർട്ട് വില്ലേജുകളുടെ പ്രവർത്തനം ഈ വർഷം ആരംഭിക്കും. എട്ട് വില്ലേജോഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചു. കോട്ടയം, പത്തനംതിട്ട,

കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ റസിഡൻഷ്യൽ ക്വാർട്ടേഴ്സോടുകൂടിയ പുതിയ വില്ലേജോഫീസുകളുടെ പണികൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കും. ഗ്രൂപ്പ് വില്ലേജുകൾ വേർതിരിക്കുന്ന കാര്യം ധനകാര്യ വകുപ്പുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്. പുഴകളെ സംരക്ഷിക്കുന്നതിനായി "പുഴ മുതൽ പുഴ വരെ" എന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. ഭാരതപ്പുഴ, അച്ചൻകോവിലാർ, പമ്പയാർ എന്നിവയുടെ തീരങ്ങളിലാണ് ആദ്യഘട്ടത്തിലെ മാതൃകാ പദ്ധതികൾ നടപ്പിലാക്കുന്നത്. സംസ്ഥാന റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും പത്ത് കോടി രൂപ ഈ പദ്ധതിക്കായി വകയിരുത്തുകയും എറണാകുളത്ത് ഒരു റിവർ മാനേജ്മെന്റ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. പുഴയുടെ അതിർത്തി നിശ്ചയിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്. 7 കോടി 68 ലക്ഷം രൂപ ചെലവഴിച്ച് ഡിസാസ്റ്റർ മാനേജ്മെന്റുമായി ബന്ധപ്പെട്ട് ദുരന്ത നിവാരണ ആസ്ഥാന മന്ദിരം പണിയുന്നതിന് തുടക്കം കുറിച്ചു. ആധുനിക വിവര സംവേദന സാങ്കേതിക വിദ്യ തയ്യാറാക്കുന്നതിനായി കേന്ദ്രസർക്കാരിൽനിന്നും 7 കോടി 82 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ലോക ബാങ്ക് സഹായത്തോടുകൂടി സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും എമർജൻസി ഓപ്പറേഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചു. ആധുനിക സർവ്വേ

സംവിധാനങ്ങളുപയോഗിച്ച് സർവ്വേ നടത്തുന്നതിനുള്ള പരിശീലനം ലഭിക്കുന്ന സർവ്വേയർമാരെ പ്രയോജനപ്പെടുത്തിക്കൊണ്ട് ഒരു സർവ്വേയർ ബാങ്ക് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. തിരുവനന്തപുരത്ത് സർവ്വേ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആസ്ഥാന മന്ദിരത്തിന്റെയും ഹോസ്റ്റലിന്റെയും പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഒരു വർഷം ദൈർഘ്യമുള്ള സർവ്വേ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയും ഭവനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭം മൂലമുള്ള ദിരിതാശ്വാസത്തിന് എന്ന XXVI - ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.28-ന് പിരിഞ്ഞു.

************